ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
14/12/2017

ആർ.ഒ.സി.നം: 85/10/മിസ്.ബി.

# ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.

വിഷയം:- നാദസ്വരം ജീവനക്കാരുടെ നിയമനം സംബന്ധിച്ച്.

സൂചന:-1. 25-4-2008-ലെ ആർ.ഒ.സി. 6171/07/സി.എ. നമ്പർ ബോർഡുത്തരവ്.

2. ഡബ്ളിയു.പി.(സി) 17563/08, 19560/08, 29667/08, 21971/09, 26093/10, 21362/11, 21363/11, 21364/11 എന്നീ നമ്പർ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 07-9-2011-ൽ പുറപ്പെടുവിച്ച വിധിന്യായം.

3. 07-12-2017-ലെ ആർ.ഒ.സി. 6171/07/സി.എ. നമ്പർ ബോർഡുത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കലാപീഠത്തിൽ പഠനം പൂർത്തീകരിച്ച് പരീക്ഷ പാസ്സായ ശേഷം തൊഴിൽ രഹിതരായി നിൽക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ഉണ്ടാകുന്ന പഞ്ചവാദ്യം, തകിൽ, നാദസ്വരം എന്നീ ലാവണങ്ങളിൽ നിയമിക്കുന്നതിന് സൂചന (1) പ്രകാരം ബോർഡ് തീരുമാനം എടുത്തിട്ടുള്ളതാണ്.

കലാപീഠം വിദ്യാർത്ഥികളും കലാപീഠത്തിൽ പഠിക്കാത്ത വിദ്യാർത്ഥികളും തമ്മിലുള്ള കേസ്സിൽ ബഹു: കോടതിയുടെ സൂചന(2) വിധിന്യായ പ്രകാരം കലാപീഠത്തിൽ നിന്നും പഠനം പൂർത്തിയാക്കിയവരെ ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നിയമിക്കുന്നതിന് അനുവദിച്ചിട്ടുള്ളതാണ്. അതിൻ പ്രകാരം അവർക്ക് നിയമനം നൽകുന്നതിന് സൂചന (3) പ്രകാരം ബോർഡിൽ നിന്നും അനുവാദം ലഭിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യങ്ങളിൽ കലാപീഠത്തിൽ നിന്നും പഠനം പൂർത്തിയാക്കിയ ചുവടെ വിവരിക്കുന്ന പേരുകാരെ അവരവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള ഗ്രൂപ്പിലേയ്ക്ക് നാദസ്വരം ലാവണത്തിൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി നിയമിച്ചിരിക്കുന്നു. നിയമിക്കപ്പെട്ടവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷം പ്രൊബേഷൻ കാലമായിരിക്കും.

| ക്രമ. നം. | റാങ്ക് നം | പേര് | നിയമിക്കുന്ന ഗ്രൂപ്പ് |
|---|---|---|---|
| 1 | 58 | ശ്രീ.എം.സി.കൃഷ്ണചന്ദ്രൻ | തിരുവനന്തപുരം |
| 2 | 59 | ശ്രീ.എം. മഹേഷ് | തിരുവനന്തപുരം |
| 3 | 59(എ) | ശ്രീ.ആർ.എസ്.അനുരാജ്. | തിരുവനന്തപുരം |
| 4 | 60 | ശ്രീ.ശരത് ലാൽ | തിരുവനന്തപുരം |
| 5 | 61 | ശ്രീ.അനൂപ്.സി.ഒ | നെയ്യാറ്റിൻകര |
| 6 | 62 | ശ്രീ.എസ്.സുരേഷ് | നെയ്യാറ്റിൻകര |

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)
2. അസിസ്റ്റന്റ് ദേവസ്വം കമ്മീണർ, തിരുവനന്തപുരം, നെയ്യാറ്റിൻകര.
3. ഇ.ഡി.പി. സെക്ഷൻ.
4. സെക്ഷൻഫയൽ.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

ശ.